# സ്മൃതികൾ

എൽസി യോഹന്നാൻ ശങ്കരത്തിൽ

ഞാൻ എന്നും കഴിഞ്ഞ കാലത്തെ നല്ല സ്മരണകളും എല്ലാം എല്ലാം തന്നെ കൈവിടാതെ ജീവിക്കുന്ന ഒരാളാണ് എന്ന് എന്റെ പ്രിയ 'ഭർത്താവ് പറയാറുണ്ട്. ഇന്നത്തെ വിവേകവും, മറ്റുള്ളരോടുള്ള കരുതലും, താഴ്മയും, തിരിച്ചറിവും, ക്ഷമയും, ജീവിതാനുഭവങ്ങളും മറ്റും പണ്ടുണ്ടായിരുന്നെങ്കിൽ ജീവിതം തന്നെ മറ്റൊന്നാകുമായിരുന്നു എന്നു പലപ്പോഴും ചിന്തിക്കാറുണ്ട്.

ഞാനിന്നുമെൻ ബാല്യകാലസ്മരണയിൽ
ഞാവൽമരച്ചോട്ടിൻ തപ്തസ്മൃതികളിൽ
സിന്ദൂരസന്ധ്യതൻ വർണ്ണമേഘങ്ങളിൽ
സപ്തസ്വരം തീർത്ത സംഗീതമെന്നപോൽ.............

ജീവിക്കുന്ന ഒരു വ്യക്തിയാണ്. ബാല്യ കൗമാര യൗവ്വനങ്ങൾ പിന്നിട്ടിട്ടും സ്വപ്നാടനം പോലെ കാത്തു സൂക്ഷിക്കുന്ന സുന്ദരസ്മരണകൾ അയവിറക്കുന്നത് ഒരു ബലഹീനതയോ എന്നുതോന്നാറുണ്ട്. . ഒരു വ്യക്തി യുടെ ഉള്ളിന്റെയുള്ളിൽ എന്നും തന്റെ ബാല്യം ഉറങ്ങിക്കിടക്കുന്നതും മാതാപിതാക്കളുടെ വാത്സല്യ മാധുര്യം ലഭിച്ചിട്ടുണ്ടെങ്കിൽ അത് ഉണർന്നെഴുന്നേൽക്കുന്നതും നിത്യേന നാം അബോധാവസ്ഥയിൽ അറിയാറുണ്ട്, ഓരോ മനുഷ്യനിലും ഒരു കുഞ്ഞ് വല്ലപ്പോഴും തല പൊക്കാറുണ്ട്.

എന്റെ ജീവിതത്തിൽ ഞാൻ എറ്റമധികം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്ത വ്യക്തി എന്റെ വന്ദ്യപിതാവാണ്. .മരിക്കേണ്ടി വന്നാലും സത്യം വെടിയരുതെന്നും, അന്യരെ ചതിക്കരുതെന്നും, അന്യന്റെ മുതൽ അന്യായമായി കയ്യിൽ വരരുതെന്നും ദൈവത്തെ മുൻനിർത്തി സദാ ചരിക്കണമെന്നും ഓതിത്തന്ന പാഠങ്ങൾ ഇന്നും ജീവിതപാതയിലെ ശാന്തിഗീതികളാണ്.

ഞങ്ങളെട്ടുമക്കളെ നേർവഴി കാട്ടി നടത്തിയാ താതൻ
ഞങ്ങൾക്കായ് ജീവിതം ഹോമിച്ചാ വന്ദ്യ ത്യാഗശീലൻ !

തൊണ്ണൂറ്റിമൂന്നു വസന്തശിശിരങ്ങളിലൂടെ, കാറിലും കോളിലും തന്റെ ജീവിതനൗകയിൽ ഒരുവലിയ കുടുംബത്തെയും പേറി ശാന്തതീരത്തടുപ്പിച്ച് വാർദ്ധക്യത്തിൽ സമാധാനം കണ്ടു കണ്ണടയ്ക്കാൻ ഭാഗ്യം ലഭിച്ച എന്റെ വന്ദ്യപിതാവ് വിടവാങ്ങിയതിന്റെ പതിനാറാം വാർഷികമാണ് നവമ്പർ **13.** പ്രഗത്ഭനായ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, പ്രശസ്തനായ കവിപുംഗവൻ, ആദർശധീരനും പ്രതിഭാശാലിയുമായ പ്രാസംഗികൻ ! വൈദ്യുതിയും ഫോണും കടന്നു വന്നിട്ടില്ലാത്ത എന്റെ ഗ്രാമീണ ശാന്തിയിൽ നിലത്തു വിരിച്ചിട്ട പുൽപ്പായയിൽ സന്ധ്യാസമയം മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിൽ കുടുംബാംഗങ്ങളൊരുമിച്ച് നിരന്നിരുന്നു പ്രാർത്ഥിച്ചതും, മഹാന്മാരുടെ കഥകൾ പറഞ്ഞന്നതും, പ്രാർത്ഥനയ്ക്കു ശേഷം വിരിഞ്ഞ കരതലങ്ങൾ മക്കളുടെ തലയിൽ

വച്ച് അനുഗ്രഹവർഷങ്ങൾ ചൊരിഞ്ഞതും ഓർമ്മയിൽ മങ്ങാതെ തെളിഞ്ഞു നിൽക്കയും ആ അനുഗ്രഹ പ്രഭ ഇന്നും അനുഭവവേദ്യമാകുന്നതും ആത്മനിർവൃതി നൽകുന്നു. എന്റെ വന്ദ്യപിതാവിന്റെ കയ്യെഴുത്തു കഴിവു നഷ്ടപ്പെടുന്നതിനു മുമ്പ്, 1994, എന്റെ ജന്മദിനമായ ജൂൺ 16 ന് എന്റെ അപ്പച്ചൻ എനിക്കയച്ചു തന്ന ഒരു കത്തിൽ എഴുതിയ ചില വരികൾ ഇവിടെ കുറിക്കട്ടെ!, അത് ഒരമൂല്യ നിധിയായി ഞാൻ സൂക്ഷിച്ചു വച്ചിരിക്കയാണ്:

''മകളേ, എന്റെ കുഞ്ഞിനെ ഞാൻ അനുഗ്രഹിക്കുന്നു. എന്റെ കുഞ്ഞിനു സന്തോഷത്തിന്റെയും സൗഖ്യത്തിന്റെയും സമാധാനത്തിന്റെയും ഒരു കുറവുമുണ്ടാകയില്ല, ലോകം എന്റെ കുഞ്ഞിനു സ്തുതി ഗീതങ്ങൾ പാടുന്നത് അനുദിനസംഭവമായിത്തീരും................. .......................................
ഇവയെല്ലാം കണ്ട് ഞാൻ അക്കരെ നാട്ടിൽ നിന്ന് എന്റെ സന്തോഷത്തിന്റെ പൂച്ചെണ്ടുകൾ കുഞ്ഞിന്റെ മേൽ വാരിവിതറുന്നതായിരിക്കും.ഞാൻ സന്തോഷത്തോടെ വിരമിക്കട്ടെ ! കുഞ്ഞിന്റെ അപ്പച്ചൻ ''

മാതാപിതാക്കൾ മക്കൾക്കു നൽകുവാനുള്ള സ്വത്ത് നല്ല ജീവിതമാതൃകയും, നല്ല ഉപദേശങ്ങളും, അവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളും അവർക്കു നൽകുന്ന അനുഗ്രഹങ്ങളുമാകുന്നു. ഇന്ന് അതൊക്കെ കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നത് ഒരു ദുഃഖസത്യമാണ്.

ഇമ്പങ്ങളുടെ പറുദീസയിൽ ദൈവം തമ്പുരാൻ എന്റെ വന്ദ്യമാതാപിതാക്കളെ ആശ്വസിപ്പിക്കട്ടെ!!